പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 111

08.02.2013-ൽ മറുപടി നൽകേണ്ടത്

# ഭൂമിദാനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. ഡി. സതീശൻ<br>,, ലൂഡി ലൂയിസ്<br>,, ഐ.സി. ബാലകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമിദാനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) 2015-ാം വർഷത്തോടുകൂടി കേരളത്തിനെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കാണ് Zero landless (Citizens) Kerala – 2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ ഭൂരഹിത കുടുംബത്തിനും, ഭവന നിർമ്മാണത്തിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതി 2015-ാം മാണ്ടോടു കൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെയായി ജില്ലാ കളക്ടർമാർ കണ്ടെത്തിയിട്ടുള്ള വിവിധയിനത്തിലുള്ള സർക്കാർ ഭൂമി ഏകദേശം 2512.63 ഏക്കറാണ്. വിശദമായ പരിശോധനയും സർവ്വേ പ്രവർത്തനങ്ങളും പൂർത്തിയായാൽ മാത്രമേ പദ്ധതിക്ക് നിലവിൽ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിവരം വ്യക്തമാകുകയുള്ളൂ. |
| (സി) പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; | (സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത |

പദ്ധതിക്കായി ഇനിയും അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് അപേക്ഷ നൽകുന്നതിനായി സമയപരിധി 15.02.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ജില്ലാതല സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയുടെ സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ;

(ഡി) കേരള സംസ്ഥാനത്ത് ജനിച്ച് സ്ഥിരതാമസമാക്കിയിട്ടുള്ളതും, സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി അപേക്ഷകനുൾപ്പെടുന്ന കുടുംബങ്ങൾക്ക് ഭൂമിയില്ലാത്തതും, പാരമ്പര്യമായി ഭാവിയിൽ ഭൂമി ലഭിക്കുവാൻ സാധ്യതയില്ലാത്തതും, 75,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി പതിച്ച് നൽകുവാൻ തീരുമാനിച്ചിരിക്കുന്നത്.

(ഇ) ഭൂമിദാനത്തിന് കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

(ഇ) പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ